**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1168** **02-02-2026 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ ഫിഷറീസ് വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അഹമ്മദ് ദേവർകോവിൽ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ 2021 മുതൽ 2025 വരെ ഫിഷറീസ് വകുപ്പ് അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ 2021 മുതൽ 2025 വരെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിന് ഫിഷറീസ് വകുപ്പ് അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം - I** ആയി ചേർക്കുന്നു.<br><br>കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ 2021 മുതൽ 2025 വരെ മത്സ്യഫെഡ് വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെപ്പറയും പ്രകാരമാണ്.<br><br>1.ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി സഹായത്തോട് കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി) –<br><br>മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണ വായ്പ നൽകി വരുന്നു. പ്രസ്തുത വായ്പ പലിശ രഹിതമായിട്ടാണ് 2018 – 19 വർഷം മുതൽ നടപ്പിലാക്കി വരുന്നത്. ഈ പദ്ധതി വഴി 18 ആളുകൾക്ക് 12.5 ലക്ഷം രൂപയുടെ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.<br><br>2. ദേശീയപിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധന സഹായത്തോട്കൂടിയുള്ള വായ്പാ പദ്ധതികൾ -<br><br>(എ) മൈക്രോഫിനാൻസ് വായ്പ |

മത്സ്യത്തൊഴിലാളി മേഖലയിലെ പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി യുടേയും എൻ.എം.ഡി.എഫ്.സി യുടേയും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തു വരുന്നു. ഒരാൾക്ക് പരമാവധി 60,000/- രൂപ വരെ രണ്ട് വർഷത്തെ തിരിച്ചടവ് കാലാവധിയിൽ നൽകി വരുന്നു. ഈ പദ്ധതി പ്രകാരം 43 അംഗങ്ങൾക്കായി 12.90 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

3. നാടൻ വള്ളങ്ങളുടെ നവീകരണവും, വലകൾക്കുമുള്ള സബ്സിഡി

നാടൻ വള്ളങ്ങൾ യന്ത്രവതികരിക്കുന്നതിന് 10 എച്ച്.പി-യിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിന്റെ വിലയുടെ 20% പരമാവധി 30,000/- രൂപ വരെ മോട്ടോറൈസേഷൻ സബ്സിഡിയും, 10 എച്ച്.പി-യിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിനുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന യൂണിറ്റുകൾക്ക് വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളിക്ക് വലയുടെ വിലയുടെ 25% പരമാവധി 10000/- രൂപ വരെ വലയ്ക്കുള്ള സബ്സിഡിയും നൽകി വരുന്നു. ഈ പദ്ധതി പ്രകാരം 14 ഗുണഭോക്താക്കൾക്ക് 3.5 ലക്ഷം രൂപയുടെ സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികൾ **അനുബന്ധം - II** ആയി ചേർക്കുന്നു.

**<u>കോഴിക്കോട് ജില്ലാ ഓഫീസ് മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികൾ</u>**

1. പുനർഗേഹം പദ്ധതി പ്രകാരം 6 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി. 33.62 ലക്ഷം രൂപ ചെലവഴിച്ചു.

2. മത്സ്യത്തൊഴിലാളികൾക്ക് ഐസ് ബോക്സ് 15 എണ്ണം അനുവദിച്ചു.

3. പരമ്പരാഗത വള്ളങ്ങൾക്ക് ചൂണ്ടയും നൂലും പദ്ധതി പ്രകാരം 2ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി.

4. സുരക്ഷാ കിറ്റ് 5മത്സ്യത്തൊഴിലാളിക്കൾക്ക് ആനുകൂല്യം നൽകി.

| | | | |
|---|---|---|---|
| | | | 5. യാനം ഇൻഷുറൻസ് പദ്ധതി പ്രകാരം 61 പേർക്ക് 176970/- രൂപ വിതരണം ചെയ്തു.<br><br>6. സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം 1487 പേർക്ക് 3218500/- രൂപ വിതരണം ചെയ്തു (2021-25) |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം - I</u>**

| **ക്രമ നമ്പർ** | **പദ്ധതി** | **അടങ്കൽ തുക (ലക്ഷം)** | **നിലവിലെ അവസ്ഥ** |
|---|---|---|---|
| | **2021-22 സാമ്പത്തിക വർഷം** | | |
| 1 | കിഫ്ബി - ജി എൽ പി എസ് പള്ളിക്കണ്ടി | 66.07 | പദ്ധതി പൂർത്തീകരിച്ചു. |
| | **2024-25 സാമ്പത്തിക വർഷം** | | |
| 2 | PMMSY - കേന്ദ്ര സംസ്ഥാന ധനസഹായ പദ്ധതി -കോഴിക്കോട് മത്സ്യമാർക്കറ്റ് സമുച്ചയ നിർമ്മാണം | 5517.00 (കേന്ദ്രസഹായം - 3000.00 സംസ്ഥാന സഹായം - 2517.00) | പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തീകരിച്ചു വരുന്നു |

<u>അനുബന്ധം – II</u>

| ക്രമ നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ചാമുണ്ഡി വളപ്പ്- കപ്പക്കൽ റോഡ് | 26.60 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | കോയവളപ്പ് കപ്പക്കൽ റോഡ് | 134.7 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | കുറുവങ്ങാട് നിലം റോഡ് (OB) ഡിവിഷൻ 55- കോഴിക്കോട് കോർപ്പറേഷൻ | 38.60 | പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | അമ്മങ്ങാട് വേലായുധൻ ബി.എസ്.ടി പാലം റോഡ് | 65.80 | പ്രവൃത്തി പൂർത്തീകരിച്ചു |
| 5 | നടാഞ്ചേരി റോഡ്, ഫുട്പാത്ത് നിർമ്മാണം | 51.30 | പ്രവൃത്തി പൂർത്തീകരിച്ചു |
| 6 | പടന്ന വളപ്പ് പട്ടർ തൊടി റോഡ് | 17.50 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു.കോർപ്പറേഷനിൽ നിന്നും സ്ഥലത്തിന് NOC ലഭിക്കാനുണ്ട് |
| 7 | കപ്പക്കൽ റോഡ് | 18.3 | നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു |
| 8 | കോയവളപ്പ് - ചാമുണ്ഡി വളപ്പ് റോഡ് നവീകരണം | 75.00 | ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു |
| 9 | ചാമുണ്ഡീ വളപ്പ് രണ്ടര സെന്റ് കോളനി ഫുട്പാത്ത് ഡ്രെയിനേജ് നവീകരണം | 22.00 | നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു |
| 10 | മുഖദാർ ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മാണം | 955.0 | പ്രസ്തുത പ്രവൃത്തി ഘട്ടങ്ങളായിട്ടാണ് നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യ ഘട്ടത്തിൽ നിലവിലുള്ള ഗ്രോയിനുകൾ പുനരുദ്ധരിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. തുടർന്ന് ബാക്കിയുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |